വിലത്തകർച്ച മാത്രം കണക്കാക്കിയാൽ 500 കോടി രൂപയുടെ നികുതി നഷ്ടം പ്രതിവർഷം സംസ്ഥാനത്തിനു സംഭവിച്ചു കൊണ്ടിരിക്കുന്നു. കർഷകരെ വിലത്തകർച്ചയിൽനിന്നും രക്ഷപ്പെടുത്തുന്നതിന് ഈ ഗവൺമെന്റ് ആകാവുന്ന ആശ്വാസ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അവയെല്ലാം ഇവിടെ വിസ്തരിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഈ ആശ്വാസ നടപടികൾമൂലം ഗണ്യമായ റവന്യൂ നഷ്ടം സർക്കാരിന് ഉണ്ടായിട്ടുണ്ട്. തേയില, കാപ്പി, കുരുമുളക്, നാളികേരം തുടങ്ങിയ കാർഷിക വിളകൾക്ക് നികുതി സൗജന്യങ്ങൾ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴിയുള്ള റബ്ബർ സംഭരണംമൂലം നഷ്ടം നികത്തുന്നതിനും സർക്കാർ തയ്യാറായിട്ടുണ്ട്. ഈ നടപടികളിലൂടെ കുറഞ്ഞത് 50 കോടി രൂപയുടെ വരുമാനനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. അതുപോലെതന്നെ വിൽകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റിന്റെ വ്യവസായ നയത്തിനനുസൃതമായി പ്രതിവർഷം 50 കോടിയിലേറെ സൗജന്യങ്ങൾ ഈ മേഖലയ്ക്കും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ പൊതുവിതരണ നയംമൂലം ഗണ്യമായ ഒരു വിഭാഗം സ്റ്റാറ്റ്യൂട്ടറി റേഷനിംഗിന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഫുഡ് കോർപ്പറേഷൻ വഴിയുള്ള ധാന്യവിതരണത്തിൽ വന്ന കുറവുമൂലമുള്ള നികുതി നഷ്ടം ഏകദേശം 12 മുതൽ 15 കോടിയോളം വരും. സിമന്റ്, ഉരുക്ക്, റബ്ബർ, ന്യൂസ് പ്രിന്റ് എന്നിവയുടെ വിൽപ്പന കുറഞ്ഞതുമൂലം വർഷതോറും 100 കോടി രൂപയുടെ വിൽപ്പന നികുതി നഷ്ടം ഗവൺമെന്റിന് ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

11-ാം ധനകാര്യ കമ്മീഷൻ അവാർഡും കേരളവും

23. പതിനൊന്നാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം കേന്ദ്ര നികുതിയിൽ നിന്നുള്ള സംസ്ഥാന വിഹിതം 1995-2000 കാലഘട്ടത്തിൽ 3.859 ശതമാനം ആയിരുന്നത് 3.057 ശതമാനമായി കുറഞ്ഞിട്ടുണ്ട്. അതുപോലെ വിവേചന സഹായം (Discretionary Grant) 2.49 ശതമാനം ആയിരുന്നത് 1.39 ശതമാനമായി കുത്തനെ വെട്ടിക്കുറച്ചു. ഇപ്രകാരം കേന്ദ്രം സംസ്ഥാനങ്ങൾക്കു വീതിക്കുന്ന മൊത്തം തുകയായ 4,34,905 കോടി രൂപയിൽ കേരളത്തിന്റെ വിഹിതം 12,316.72 കോടി രൂപ അതായത് മൊത്തം തുകയുടെ 2.83 ശതമാനം മാത്രമാണ്. ഇങ്ങനെ 11-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2000-2005 കാലഘട്ടത്തിൽ 3664 കോടി രൂപയുടെ വരുമാന നഷ്ടം സംഭവിക്കും. ഇതിൽനിന്നും ഒരുകാര്യം നമുക്കു മനസ്സിലാക്കാം. ഇൻഡ്യാ ഗവൺമെന്റിന്റെ വരുമാനം 11-ാം ധനകാര്യ കമ്മീഷൻ പ്രവചിച്ച നിലയിലാണെങ്കിൽ , സംസ്ഥാനസർക്കാരിന് ഓരോ മാസവും ശരാശരി 60 കോടി രൂപയുടെ നഷ്ടം സംഭവിക്കുന്നതാണ്. ഈ വെട്ടിക്കുറവിന്റെ ആഘാതം ഈ വർഷം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. വരും വർഷങ്ങളിൽ നാം പ്രതീക്ഷിക്കുന്നതുപോലെ കാർഷിക മേഖലയിൽ പുരോഗതി ലഭ്യമാവുന്നില്ലെങ്കിൽ അനിതര സാധാരണമായ തീവ്രശ്രമത്തിലൂടെ ഈ വിടവ് നികത്തുന്നതിന് നമുക്ക് കഴിയുമാറാകട്ടെയെന്നു ആശിക്കുക മാത്രമേ ഇപ്പോൾ വഴിയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

24. ധനകാര്യ മന്ത്രിയായി ഞാൻ 1996-ൽ അധികാരമേൽക്കുമ്പോൾ ഭാരിച്ച കുടിശ്ശികയുടെ ബാദ്ധ്യതയാണ് എനിക്ക് ലഭിച്ചത്. കരാറുകാർക്ക് കൊടുത്തു തീർക്കേണ്ടിയിരുന്ന കുടിശ്ശിക ഏതാണ്ട് 400 കോടി രൂപയുടേതായിരുന്നു. സ്റ്റാമ്പ് ഡ്യൂട്ടിയും മറ്റുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ടിയിരുന്നത് 150 കോടി രൂപ. വിവിധ ക്ഷേമ പദ്ധതികളിലായി ദുർബ്ബല വിഭാഗങ്ങൾക്ക് 100 കോടിയിലേറെ രൂപ കുടിശ്ശികയായിരുന്നു. ജീവനക്കാർക്ക് നൽകാതിരുന്ന ക്ഷാമബത്തകളുടെ കുടിശ്ശിക 400 കോടി രൂപയുടേതായിരുന്നു. ഇതിനെല്ലാം പുറമേ മുൻ സർക്കാർ അനുമതി നൽകിയിരുന്ന വില്ലേജ് റോഡുകളുടെ നിർമ്മാണത്തിന് 150 കോടി രൂപ നൽകേണ്ടി വന്നു. ഇങ്ങനെ എല്ലാം കൂടി 1200 കോടി രൂപയുടെ ബാദ്ധ്യത ഉണ്ടാക്കി വച്ച മുൻ സർക്കാർ വെറും 4.62 കോടി രൂപയുടെ നീക്കിബാക്കിയാണ് എന്നെ ഏൽപ്പിച്ചത്.

25. ജനങ്ങളുടെ പ്രതീക്ഷകളും സർക്കാരിന്റെ ലക്ഷ്യവും പ്രതിഫലിപ്പിക്കുന്ന ദിശാ ബോധത്തോടെയുള്ള നയത്തിനകത്തു നിന്നുകൊണ്ട് വരുമാനത്തിന്റെ സിംഹഭാഗവും എങ്ങിനെയാണ് ചെലവഴിച്ചതെന്നും അതിന്റെ കാരണവും ഞാൻ വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. റവന്യൂ പിരിവിലെ കുറവുകളിലേക്ക് നയിച്ച ദുഷ്കരമായ സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ചും ഞാൻ വിശദീകരിച്ചു. സംസ്ഥാനത്തിന്റെ ഭാവി ഭാസുരമാക്കുന്ന ശുഭസൂചകമായ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയതായി നിങ്ങളെ അറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. അതുകൊണ്ട് തന്നെയാണ് പുതുക്കിയ എസ്റ്റിമേറ്റിൽ കഴിഞ്ഞ വർഷത്തേതിനേക്കാൾ റവന്യൂകമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞത്. ഈ വർഷം കടത്തിന്റെ വർദ്ധനയുടെ തോത് നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും മാത്രമല്ല, ഈ വളർച്ചാതോത് വീണ്ടും കുറച്ചുകൊണ്ടു ഏകദേശം 14 ശതമാനത്തിൽ എത്തിക്കുവാൻ കഴിയുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ഈ ഉത്തമ വിശ്വാസത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഈ ഇടക്കാല ബഡ്ജറ്റും ആദ്യ നാലുമാസത്തെ വോട്ട് ഓൺ അക്കൗണ്ടും അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ഒരു ഇടക്കാല ബഡ്ജറ്റ് എന്ന നിലയ്ക്ക് എല്ലാ മേഖലകളിലുമുള്ള ചെലവിനങ്ങൾ ഞാൻ വിശദീകരിക്കുന്നില്ല. മാത്രവുമല്ല, യാതൊരുവിധ നികുതി നിർദ്ദേശങ്ങളും ഈ ഇടക്കാല ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗവൺമെന്റിന്റെ സവിശേഷ ശ്രദ്ധ പതിഞ്ഞിട്ടുള്ള ചില സുപ്രധാന മേഖലകളെക്കുറിച്ച്-പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ പുരോഗതിക്കും സമൃദ്ധിക്കും ഉതകുന്ന മേഖലകളെ-മാത്രം ഞാൻ ചുരുക്കമായി പ്രതിപാദിക്കാം.

ഊർജ്ജം

26. കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് വൈദ്യുതി രംഗത്ത് സംസ്ഥാനം അഭൂതപൂർവ്വമായ പുരോഗതിയും എടുത്തു പറയത്തക്കനേട്ടങ്ങളും കൈവരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ നിരന്തരമായ പരിശ്രമഫലമായി 1996 വരെ നിലനിന്ന പവർകട്ടിൽ നിന്നും ലോഡ് ഷെഡ്ഡിംഗ്, കടുത്ത വൈദ്യുതി ക്ഷാമം എന്നിവയുടെ പിടിയിൽ നിന്നും സംസ്ഥാനം മോചിതമായിരിക്കുന്നു. ഇപ്പോൾ പവർകട്ടും ലോഡ് ഷെഡ്ഡിംഗും പൂർണ്ണമായി പിൻവലിച്ചു. ഈ വർഷം

LIBRARY ARCHIVES Kerala Legislative Assembly

AWARD OF THE ELEVENTH FINANCE COMMISSION AND KERALA

23. Under the award of the Eleventh Finance Commission, Kerala's share of central taxes has been reduced from an average of 3.859% (1995-2000) to 3.057% while its share of discretionary grants has been drastically reduced from 2.49% to 1.39% of the total. Thus out of a total transfer of Rs. 4,34,905 cr. from the Centre to the States, Kerala's share is Rs.12,316.72 cr. which is 2.83% of the total devolution to the States. Hence, the Eleventh Finance Commission award will cost the State Rs. 3664 cr. for the period 2000-2005. This means that if revenue collection of the Government of India is at the levels forecast by the Eleventh Finance Commission, then the state will, on an average lose Rs. 60 cr. per month. The effect of this reduction is being experienced this year. Coming as it does in a year where the State is yet to see a revival on the agricultural front, we are left in an unenviable predicament and have to strain all sinews to make up the gap.

LEGACY FROM THE PAST

24. As the Finance Minister, who took up reins of office in 1996, I was handed over a full load of liabilities- and I had to find means to pay these off. Dues to contractors on account of works for nearly Rs. 400 cr. were outstanding Rs. 150 cr. was due to Local Self Governments on account of their dues on stamp duty and other items. More than Rs. 100 cr. was due to poor beneficiaries under various welfare schemes of Government. Rs. 400 cr. was due to employees as dearness allowance that had not been released. In addition, I had to provide Rs. 150 cr. for village roads that been given sanctioned by the previous government. In all , thus against the burden of Rs. 1200 cr. by way of liabilities created by the previous Government, the cash balance I was given by them was a mere Rs. 4.62 cr.

25. I have clearly brought out the reasons on the expenditure side, as to how all the major expenditure decisions of Government have fitted into a well-designed policy framework- that reflects the aspirations of the people of Kerala and the stated objectives of Government. I have also explained the most difficult financial circumstances that led to a shortfall in revenue realisation. I am happy to report that there are clear signs of recovery- which augurs well for the future of

LIBRARY ARCHIVES Kerala Legislative Assembly